പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1187 21/03/2013 ൽ മറുപടിയ്ക്ക്

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.രാജു | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എന്തൊക്കെ സൗകര്യങ്ങളാണ് ഇത്തരം വില്ലേജ് ഓഫീസുകളിൽ അധികമായി ഏർപ്പെടുത്തുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്.<br>ആധുനിക സൗകര്യങ്ങൾ ഒരുക്കിയും ആധുനിക സാങ്കേതിക വിദ്യയിലൂടെ ഇ- ഗവേണൻസ് , എം- ഗവേണൻസ് എന്നിവയുടെ ഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് വിവിധ തരത്തിലുള്ള സേവനങ്ങൾ വേഗത്തിലും ആധുനിക രീതിയിലും ഉറപ്പായും, ഉത്തരവാദിത്വത്തോടെയും, സുതാര്യമായും നൽകി വില്ലേജ് ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി . (SMART -Speedy , Modern , Assured, Responsible, Transparent) മാറ്റുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് SMART വില്ലേജ് പദ്ധതി. വില്ലേജ് ഓഫീസുകൾ വഴി ലാന്റ് റവന്യൂ വകുപ്പ് നൽകി വരുന്ന സേവനങ്ങളായ സർട്ടിഫിക്കറ്റ് സേവനങ്ങൾ, സാമ്പത്തിക |

സേവനങ്ങൾ, ഭൂമി സംബന്ധമായ സേവനങ്ങൾ ഈ പദ്ധതി പ്രകാരം എപ്പോഴും എവിടെയും സാധ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചു കൊണ്ട് അഴിമതിയും കാലതാമസവും പരമാവധി കുറച്ച് മെച്ചപ്പെട്ട സേവനം പൗരൻമാർക്ക് ഉറപ്പുവരുത്തുവാനും നല്ല രീതിയിലുള്ള സൗഹൃദാന്തരീക്ഷം .വില്ലേജ് ഓഫീസുകളിൽ സൃഷ്ടിക്കപ്പെടാനും ഉദ്ദേശിക്കുന്നു. 'ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ്‌വേ' കൂടി സാദ്ധ്യമാക്കിയാൽ പൗരന് വില്ലേജ് ഓഫീസിലും, അക്ഷയ കേന്ദ്രത്തിലും നേരിട്ട് ചെന്നും,അല്ലാത്തവർക്ക് വീട്ടിലിരുന്നും സർട്ടിഫിക്കറ്റുകൾ സ്വായത്തമാക്കാവുന്നതാണ്.

സർവ്വീസുകൾ ആധുനികവൽക്കരിക്കുന്നതിനോടൊപ്പം വില്ലേജ് ഓഫീസും ചുറ്റുപാടും കൂടി ആകർഷകമാക്കി ഓഫീസുകൾക്ക് അത്യാവശ്യം വേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കി കൂടുതൽ ജനസൗഹൃദമാക്കുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

| | | | |
|---|---|---|---|
| (ബി) | ആദ്യ ഘട്ടത്തിൽ എത്ര വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നത് ; പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഏത് വില്ലേജ് ഓഫീസാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) | 14 എണ്ണം<br>(ഓരോ ജില്ലയിലും ഒന്നു വീതം)<br>പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട വില്ലേജ് ഓഫീസുകളൊന്നും ശുപാർശ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ